Sunday
Vol. 12 No. 39 CYCLE - A

# വെർബും ദോമിനി

VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2023 ആഗസ്റ്റ് 20

## ആണ്ടുവട്ടത്തിലെ ഇരുപതാം ഞായർ

# അടുത്തറിയാൻ അടുത്തുവന്ന ദൈവം

ഫാ. തോമസ് കളത്തിൽ



'**ഫ**സ്റ്റ് ഇംപ്രഷൻ ഈസ് ദ ബെസ്റ്റ് ഇംപ്രഷൻ' എന്ന് നമ്മൾ പറയാറുണ്ട്. എന്നാൽ എല്ലാ ആദ്യാനുഭവവും അങ്ങനെയാകണമെന്നില്ല. ഹണീട്രാപ്പുകളുടെ കുരുക്കുകൾ നാം വായിച്ചറിയുന്ന കാലമാണല്ലോ ഇത്.

ഇന്നത്തെ സുവിശേഷത്തിൽ യേശുവിനെയും വിജാതീയ സ്ത്രീയെയുമാണ് പ്രധാനമായും നമ്മൾ കാണുന്നത്. അവരുടെ അന്യോന്യമുള്ള ഫസ്റ്റ് ഇംപ്രഷൻ ഒന്ന് പരിശോധിക്കുക. യേശുവിനും ചുറ്റുമുള്ള മനുഷ്യർക്കും ആ സ്ത്രീയെപ്പറ്റിയുള്ള ആദ്യത്തെ കാഴ്ചപ്പാട് പലതാണ്. ഒരു സ്ത്രീ പൊതുസ്ഥലത്ത് അപരിചിതനായ ഒരു പുരുഷനോട് സംസാരിക്കുന്നത് ആ കാലത്ത് അത്ര സുഖകരമായി അംഗീകരിക്കപ്പെട്ടിരുന്ന ഒന്നായിരുന്നില്ല. അവൾ അന്യജാതിയിലുള്ള ഒരു സ്ത്രീ കൂടിയായിരുന്നുവെന്നത് അടുത്ത പ്രശ്നം. അതും പോരാഞ്ഞ്, പിശാച് ബാധിതയായ അവളുടെ മകളെ സുഖപ്പെടുത്തണമെന്ന വെല്ലുവിളി നിറഞ്ഞ ആവശ്യവും. ഇങ്ങനെ അത്ര നല്ലതല്ലാത്ത ആദ്യത്തെ കാഴ്ചപ്പാടാണ് ക്രിസ്തുവിനും മറ്റുള്ളവർക്കും ആ സ്ത്രീയെപ്പറ്റി ഉള്ളത്.

ആ സ്ത്രീയെ സംബന്ധിച്ചും ക്രിസ്തുവിൽ നിന്നു ലഭിച്ച ആദ്യത്തെ അനുഭവം അത്രയ്ക്ക് പോസിറ്റീവ് അല്ല. അവളുടെ ആവശ്യത്തിന് ക്രിസ്തു ആദ്യം ചെവികൊടുക്കുന്നില്ല. പിന്നീട് അവളോട് സംസാരിക്കുമ്പോളാകട്ടെ 'നായ'യുടെ ഉപമ പ്രയോഗിക്കുകയും ചെയ്യുന്നു. ഇന്നത്തെ കാലത്തായിരുന്നുവെങ്കിൽ, അന്തിചർച്ചകൾക്ക് വിഷയമാകുമായിരുന്നു ക്രിസ്തുവിന്റെ 'ഇജ്ജാതി അധിക്ഷേപം'!

തുടർന്നുള്ള സംഭാഷണത്തിൽ കാര്യങ്ങളാകെ മാറിമറിയുന്നു. അന്യ ജാതിക്കാരിയായ ആ സ്ത്രീയുടെ വിശ്വാസതീക്ഷ്ണത ക്രിസ്തു മനസ്സിലാക്കുന്നു. തന്റെ കൂടെ നിൽക്കുന്ന മനുഷ്യരെക്കാളും തന്നിൽ കൂടുതൽ വിശ്വാസമർപ്പിക്കുന്നത് ആ അന്യജാതിക്കാരിയാണെന്ന് ക്രിസ്തു മനസ്സിലാക്കുകയും, അവളെ പ്രശംസിക്കുകയും ചെയ്യുന്നു. ഒടുവിൽ ആ സ്ത്രീയുടെ വിശ്വാസത്തിന്റെ ശക്തിയിൽ അവളുടെ മകൾക്ക് സൗഖ്യം വാഗ്ദാനം ചെയ്യുകയാണ് ക്രിസ്തു. മറുവശത്ത്, ക്രിസ്തുവിനെപ്പറ്റിയുള്ള ആ സ്ത്രീയുടെ കാഴ്ചപ്പാടും ഇതോടെ മാറിയിട്ടുണ്ട്. അവളുടെ വിശ്വാസം പൂർവ്വാധികം ശക്തമായി എന്നു തന്നെ പറയാം.

നമ്മളും പലപ്പോഴും മനുഷ്യരെ ഇങ്ങനെ പല വിഭാഗങ്ങളിൽ ഉൾപ്പെടുത്താറുണ്ട്. അവരുടെ ചില രീതികളിൽ തെറ്റിദ്ധരിക്കപ്പെട്ടും, അവരെ മനസ്സിലാക്കാതെയിരുന്നിട്ടുമൊക്കെ. സ്നേഹമുള്ളവരേ, ഈ അവസരത്തിൽ പരിശുദ്ധാത്മാവിന്റെ കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം; മറ്റുള്ളവരെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കുവാൻ, അവരിലെ നന്മയെ തിരിച്ചറിയാൻ, ആദ്യം കാണുന്ന ആദ്യം കേൾക്കുന്ന കാര്യങ്ങളെല്ലാം അതേപടി വിശ്വസിക്കാതിരിക്കുവാൻ. നമ്മുടെ കാഴ്ചപ്പാടുകളൊക്കെ നൂറ് ശതമാനവും ശരിയാണ് എന്ന വാശി ഉപേക്ഷിക്കാനും നമുക്ക് കഴിയട്ടെ. മറ്റുള്ളവരുമായി അടുക്കുമ്പോഴും, സംസാരിക്കുമ്പോഴും, അവരോടൊപ്പം സമയം ചിലവിടുമ്പോഴുമൊക്കെയാണ് അവരുടെ പ്രശ്നങ്ങളെ നാം മനസ്സിലാക്കുന്നതും, കൂടുതലായി അവരെ അറിയുന്നതും. അങ്ങനെ പരസ്പരം മനസ്സിലാക്കി സൗഖ്യമാകുവാനും, സൗഖ്യമേകുവാനും നമുക്ക് കഴിയട്ടെ. അതിന് സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ആമുഖം** സ്നേഹമുള്ളവരെ, ഇന്നത്തെ സുവിശേഷത്തിൽ ഒരു വിജാതീയ സ്ത്രീയുടെ വിശ്വാസത്തെയാണ് നാം ധ്യാനിക്കുക. പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്ന തന്റെ മകൾക്ക് സൗഖ്യം നൽകണമേയെന്ന് യാചിച്ചുകൊണ്ട് യേശുവിനെ അവൾ സമീപിക്കുന്നു. എന്നാൽ യേശു ഒരു വാക്കു പോലും ഉരിയാടുന്നില്ല. എന്നിട്ടും പിൻമാറാൻ തയ്യാറാകാതെ അവൾ അവനെ പിൻതുടരുകയും, വീണ്ടും വീണ്ടും യാചിക്കുകയും ചെയ്യുന്നു. അവസാനം യേശു പറയുന്നു: "സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ ഭവിക്കട്ടെ." ജനിച്ച നാൾ മുതൽ യേശുവിനെ അനുഭവിച്ചറിഞ്ഞവരായ നമ്മുടെ വിശ്വാസം എത്രമാത്രം ആഴപ്പെട്ടു എന്ന് ആത്മശോധന ചെയ്യാനുള്ള ഒരു ദിനമാണിത്. അതിനാൽ ഏത് പ്രതിസന്ധിയിലും "ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമേ" എന്ന് വിശ്വാസത്തോടെ വിളിച്ചപേക്ഷിക്കാനുള്ള കൃപാവരത്തിനായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി ഒരുങ്ങാം.

## ഒന്നാം വായന

### ഇസയാസ് പ്രവാചകന്റെ പുസ്തകത്തിൽനിന്ന് (56 : 1, 6-7)

*(എന്റെ നിയമം പാലിക്കുന്നവരെ ഞാൻ എന്റെ വിശുദ്ധഗിരിയിലേക്കു കൊണ്ടുപോകും)*

കർത്താവ് അരുളിച്ചെയ്യുന്നു: ന്യായം പാലിക്കുക, നീതി പ്രവർത്തിക്കുക. ഞാൻ രക്ഷ നൽകാൻ പോകുന്നു; എൻെറ നീതി വെളിപ്പെടും. എന്നെ സേവിക്കാനും എൻെറ നാമത്തെ സ്നേഹിക്കാനും എൻെറ ദാസരായിരിക്കാനും എന്നോടു ചേർന്നു നിൽക്കുകയും സാബത്ത് അശുദ്ധമാക്കാതെ ആചരിക്കുകയും എൻെറ ഉടമ്പടിയോടു വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന പരദേശികളെയും ഞാൻ എൻെറ വിശുദ്ധഗിരിയിലേക്കു കൊണ്ടുപോകും. എൻെറ പ്രാർഥനാലയത്തിൽ അവർക്കു സന്തോഷം നൽകും. അവരുടെ ദഹനബലികളും മറ്റു ബലികളും എൻെറ ബലിപീഠത്തിൽ സ്വീകാര്യമായിരിക്കും. എൻെറ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർഥനാലയമെന്ന് അറിയപ്പെടും.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (67 : 1-2, 4, 5+7)

**ദൈവമേ, ജനതകൾ അങ്ങയെ പ്രകീർത്തിക്കട്ടെ! എല്ലാ ജനതകളും അങ്ങയെ സ്തുതിക്കട്ടെ.**

ദൈവം നമ്മോടു കൃപ കാണിക്കുകയും നമ്മെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ! അവിടുന്നു തൻെറ പ്രീതി നമ്മുടെമേൽ ചൊരിയുമാറാകട്ടെ! അങ്ങയുടെ വഴി ഭൂമിയിലും അങ്ങയുടെ രക്ഷാകര ശക്തി സകല ജനതകളുടെയിടയിലും അറിയപ്പെടേണ്ടതിനു തന്നെ.

**ദൈവമേ, ജനതകൾ.......**

ജനതകളെല്ലാം ആഹ്ളാദിക്കുകയും ആനന്ദഗാനം ആലപിക്കുകയും ചെയ്യട്ടെ! അങ്ങു ജനതകളെ നീതിപൂർവം വിധിക്കുകയും ജനപദങ്ങളെ നയിക്കുകയും ചെയ്യുന്നു.

**ദൈവമേ, ജനതകൾ.......**

ദൈവമേ, ജനതകൾ അങ്ങയെ പ്രകീർത്തിക്കട്ടെ! എല്ലാ ജനതകളും അങ്ങയെ സ്തുതിക്കട്ടെ! ഭൂമി മുഴുവൻ അവിടുത്തെ ഭയപ്പെടട്ടെ!

**ദൈവമേ, ജനതകൾ.......**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (11 : 13-15, 29-32)

*(ദൈവത്തിന്റെ ദാനങ്ങളും വിളിയും പിൻവലിക്കപ്പെടാവുന്നതല്ല)*

സഹോദരരേ, വിജാതീയരായ നിങ്ങളോടു ഞാൻ പറയുകയാണ്, വിജാതീയരുടെ അപ്പസ്തോലൻ എന്ന നിലയ്ക്ക് എൻെറ ശുശ്രൂഷയെ ഞാൻ പ്രശംസിക്കുന്നു. അതുവഴി എൻെറ കൂട്ടരായ യഹൂദരെ അസൂയാകുലരാക്കാനും അങ്ങനെ, അവരിൽ കുറെപ്പേരെയെങ്കിലും രക്ഷിക്കാനും എനിക്ക് ഇടയാകുമല്ലോ. എന്തുകൊണ്ടെന്നാൽ, അവരുടെ തിരസ്കാരം ലോകത്തിൻെറ അനുരഞ്ജനമായെങ്കിൽ അവരുടെ സ്വീകാരം മൃതരിൽനിന്നുള്ള ജീവനല്ലാതെ മറ്റെന്തായിരിക്കും? എന്തെന്നാൽ, ദൈവത്തിൻെറ ദാനങ്ങളും വിളിയും പിൻവലിക്കപ്പെടാവുന്നതല്ല. ഒരിക്കൽ നിങ്ങൾ ദൈവത്തെ അനുസരിക്കാത്തവരായിരുന്നു. എന്നാൽ, അവരുടെ അനുസരണക്കേടുനിമിത്തം നിങ്ങൾക്കു കൃപ ലഭിച്ചു. അതുപോലെ തന്നെ, നിങ്ങൾക്കു ലഭിച്ച കൃപ നിമിത്തം അവർക്കും കൃപ ലഭിക്കേണ്ടതിന് ഇപ്പോൾ അവർ അനുസരണമില്ലാത്തവരായിരിക്കുന്നു. എന്തെന്നാൽ, എല്ലാവരോടും കൃപ കാണിക്കാൻവേണ്ടി ദൈവം എല്ലാവരെയും അനുസരണമില്ലാത്തവരാക്കി.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (cf. Mt. 4: 23) യേശു, രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും സുഖപ്പെടുത്തിയും ചുറ്റിസ്സഞ്ചരിച്ചു - അല്ലേലൂയാ!

## സുവിശേഷം

### മത്തായിയുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (15 : 21-28)

*(സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്)*

അക്കാലത്ത്, യേശു ഗനേസറത്തുനിന്ന് പുറപ്പെട്ട് ടയിർ, സീദോൻ എന്നീ പ്രദേശങ്ങളിലെത്തി. അപ്പോൾ ആ പ്രദേശത്തുനിന്ന് ഒരു കാനാൻകാരി വന്നു കരഞ്ഞപേക്ഷിച്ചു: കർത്താവേ, ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമേ! എൻെറ മകളെ പിശാച് ക്രൂരമായി ബാധിച്ചിരിക്കുന്നു. എന്നാൽ, അവൻ ഒരു വാക്കുപോലും ഉത്തരം പറഞ്ഞില്ല. ശിഷ്യൻമാർ അവനോട് അഭ്യർഥിച്ചു: അവളെ പറഞ്ഞയച്ചാലും; അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുന്നല്ലോ. അവൻ മറുപടി പറഞ്ഞു: ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്കു മാത്രമാണു ഞാൻ അയയ്ക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, അവൾ അവനെ പ്രണമിച്ച് കർത്താവേ, എന്നെ സഹായിക്കണമേ എന്ന് അപേക്ഷിച്ചു. അവൻ പറഞ്ഞു: മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നത് ഉചിതമല്ല. അവൾ പറഞ്ഞു: അതേ, കർത്താവേ, നായ്ക്കളും യജമാനൻമാരുടെ മേശയിൽനിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നുന്നുണ്ടല്ലോ. യേശു പറഞ്ഞു: സ്ത്രീയേ, നിൻെറ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ. ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, നമ്മുടെ ഹൃദയ വിചാരങ്ങൾ ഓരോന്നും അറിയുന്ന സർവ്വശക്തനായ ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് വിശ്വാസപൂർവ്വം നമ്മുടെ എളിയ യാചനകൾ സമർപ്പിക്കാം.

1. വത്സല പിതാവേ, കർത്താവിന്റെ കൂടാരത്തിൽ ശുശ്രൂഷ ചെയ്യാൻ അങ്ങ് പ്രത്യേകം തെരഞ്ഞെടുത്ത പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ സഭാപാലകരെയും അങ്ങെ പരിശുദ്ധാത്മ ശക്തിയാൽ നിറച്ച്, കാലത്തിന്റെ അടയാളങ്ങളെ നിതാന്ത ജാഗ്രതയോടുകൂടി നേരിടുവാനുള്ള കൃപ നൽകി അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സ്നേഹ പിതാവേ, ക്രൈസ്തവ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ച് മറ്റ് വിശ്വാസങ്ങളിലേയ്ക്ക് ചേക്കേറുന്ന ഞങ്ങളുടെ സഹോദരങ്ങളെ സമർപ്പിക്കുന്നു. അങ്ങെ അനന്ത കൃപയാൽ ഇവരെ സത്യവിശ്വാസത്തിലേക്ക് തിരികെ നടത്തണമെന്നും, കാനാൻകാരി സ്ത്രീയെപ്പോലെ ഉറച്ച വിശ്വാസത്തിനുടമകളാക്കി തീർക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. ദൈവമേ, അങ്ങെ പ്രിയ പുത്രൻ വഴി അങ്ങ് ഒരുക്കുന്ന സ്വർഗ്ഗീയ വിരുന്നാണ് പരിശുദ്ധ കുർബ്ബാന എന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ഈ വിരുന്നിലേക്ക് ക്ഷണിച്ചതിന് ഞങ്ങൾ അങ്ങേയ്ക്ക് കൃതജ്ഞത അർപ്പിക്കുന്നു. അങ്ങയുടെ ക്ഷണത്തിന് തുറന്ന മനസ്സോടെ കാതോർക്കുവാനും, അങ്ങ് നൽകുന്ന രക്ഷയും സമാധാനവും സ്വീകരിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. കരുണാമയനായ ദൈവമേ, അനാഥാലയങ്ങളിലും, തെരുവോരങ്ങളിലും കഴിയുന്ന എല്ലാ കുഞ്ഞുമക്കളെയും സമർപ്പിക്കുന്നു. അവരുടെ അനാഥത്വത്തിന്റെ ദൈന്യതയിലേക്ക് അങ്ങ് കടന്നു ചെല്ലണമെന്നും, അങ്ങയുടെ പരിപാലനയുടെ കയ്യൊപ്പ് ചാർത്തുന്ന ജീവിതങ്ങളാക്കി ഇവരെ മാറ്റണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. കാരുണ്യവാനായ ദൈവമേ, ജീവിതത്തിന്റെ അവസാന നാളുകളിലേയ്ക്ക് എത്തി നിൽക്കുന്ന മരണാസന്നരായവർക്ക് തങ്ങളുടെ പാപങ്ങളെക്കുറിച്ചോർത്ത് അനുതാപത്തിന്റെ ചുടുകണ്ണീർ പൊഴിക്കാനുള്ള കൃപ നൽകണമെന്നും, മരണമടഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ പാപക്കറകളെല്ലാം നീക്കി, അങ്ങെ ഭവനത്തിലേയ്ക്ക് അവരെ സ്വീകരിക്കുവാൻ കനിവുണ്ടാകണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : സർവ്വശക്തനായ ദൈവമേ, അങ്ങയിലുള്ള വിശ്വാസത്തിൽ കൂടുതൽ ആഴപ്പെട്ടുകൊണ്ട് ജീവിതത്തെ മുന്നോട്ട് നയിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. ലിലിയ ASA

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

ആരാധനയുടെ സമയമായി
ആരാധ്യ നാഥന്റെ സാന്നിധ്യമായ്
ദു:ഖങ്ങൾ ഭാരങ്ങൾ രോഗാദി പീഢകൾ
എല്ലാം തിരുമുമ്പിൽ അർപ്പിച്ചീടാം (2)
(ആരാധന........)

പാപം പൊറുത്തവൻ ജീവനതേകിയോൻ
സ്നേഹിക്കാൻ നമ്മെ പഠിപ്പിച്ചവൻ (2)
എളിമ തൻ പുൽക്കൂട്ടിൽ ഭൂജാതനായവൻ
ത്യാഗത്തിൻ കാൽവരി കയറിയവൻ (2)
ത്യാഗത്തിൻ കാൽവരി കയറിയവൻ
(ആരാധന........)

## കാഴ്ചവയ്പ് ഗാനം

തളികയിൽ കാഴ്ചയായ്
ബലിയുണർത്തുമാത്മനാഥ സ്നേഹവേദിയിൽ
വരികയായ് തിരികളായ്
നിന്റെ യാഗദീപമായ് എരിഞ്ഞലിഞ്ഞിടാൻ
ദൈവമേ നിന്നിലെന്നെ ചേർത്തിടാം
ദിവ്യമാം കാഴ്ചയായ് സ്വീകരിക്കണെ (2)

അനുപമ ബലിയായ് പ്രിയകര ബലിയായ്
സർവ്വവും കാഴ്ചവച്ചിടാം (2)

മധുരമാം തേൻ നിറഞ്ഞ മലരു പോൽ
കൃപ നിറഞ്ഞ പാവനാത്മ നിറവു നൽകി നീ (2)
മനുജനെ സ്നേഹദാന ഭാഗ്യമേകി നീ
എന്നെയും വീണ്ടെടുത്തു നീ (2) (അനുപമ........)

## ദിവ്യകാരുണ്യ ഗാനം

ദൈവസ്നേഹം മാറുകില്ല മറയുകില്ല
ആപത്തിൽ ഓടി ഒളിക്കുകില്ല (2)
എപ്പോഴും നിന്നോട് കൂടെ മകനെ
എന്നാളും നിന്നോടു കൂടെ
വിശ്വസിക്കൂ മകനേ... രക്ഷ നേടും നീ....
വിശ്വസിക്കൂ മകനേ... രക്ഷ നേടീടും
(ദൈവസ്നേഹം ......)

ആഴിയിൽ നീ വീണു പോയാൽ
താഴ്ന്നു പോകുകില്ലാ...
നിന്റെ നാഥൻ... യേശുമിശിഹാ...
കൂടെ ഉണ്ടല്ലോ... (2)
സ്വന്തം ജീവൻ നൽകി നിന്നെ
വീണ്ടെടുത്തല്ലോ...
രക്ഷകൻ ദൈവം (ദൈവസ്നേഹം ......)

ഭാരമേറും രോഗങ്ങൾ നിന്റെ
തോളിലേറ്റിയാലും
തളർന്നു വീഴാൻ... നിന്റെ ദൈവം...
അനുവദിക്കില്ലാ.... (2)
ശക്തിയേറും കരങ്ങളാലെ
താങ്ങിടും നിന്നെ...
മോചകൻ ദൈവം.... (ദൈവസ്നേഹം ......)

| Aug. | വിശുദ്ധർ | വായനകൾ |
|---|---|---|
| 21 Mon | St. Pius X | Jdg 2: 11-19/ Ps 106: 34-35. 36-37. 39-40. 43ab and 44/ Mt 19: 16-22 |
| 22 Tue | St. Andrew the Scot | Is 9: 1-16/ Ps 113: 1-2. 3-4. 5-6. 7-8/ Lk 1: 26-38 |
| 23 Wed | St. Rose of Lima | Jdg 9: 6-15/ Ps 21: 2-3. 4-5. 6-7/ Mt 20: 1-16a |
| 24 Thu | St. Bartholomew | Rev 21: 9b-14/ Ps 145: 10-11. 12-13ab. 17-18/ Jn 1: 45-51 |
| 25 Fri | St. Louis | Ruth 1: 1. 3-6. 14b-16. 22/ Ps 146: 5-6ab. 6c-7. 8-9a. 9bc-10/ Mt 22: 34-40 |
| 26 Sat | St. Bichier | Ruth 2: 1-3. 8-11; 4: 13-17/ Ps 128: 1-2. 3. 4. 5/ Mt 23: 1-12 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.